**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4818** **20-03-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിലെ പ്രൊജക്റ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് ജില്ലയിലെ പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിൽ എത്ര പ്രൊജക്റ്റുകൾ നിലവിലുണ്ട്; പ്രസ്തുത പ്രൊജക്റ്റുകൾ പലതും പൂർത്തീകരിക്കാത്തത് കാരണം നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിലെ പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിൻ കീഴിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽപെട്ട 18 പ്രോജക്റ്റുകളും പാലം വിഭാഗത്തിൽ പെട്ട 9 പ്രോജക്റ്റുകളുമായി ആകെ 27 പ്രോജക്റ്റുകൾ നടന്നു വരുന്നുണ്ട്. |
| (ബി) | പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിലെ നിലവിലുള്ള പ്രൊജക്റ്റുകൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് താൽക്കാലികമായി അധിക ജീവനക്കാരെ നിയമിക്കാൻ തയ്യാറാകുമോ; വിശദമാക്കാമോ? | (ബി) | ഡിസൈൻ വിഭാഗത്തിലെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ